DESPATCHED
On. 16/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ CP No. 992(2)/2019/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 17529/SIC-G6/2019 )

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എം. ബാലകൃഷ്ണൻ,
അമൃത, വരടിമൂല,
ആറാട്ടുതറ (പി.ഒ),
മാനന്തവാടി,
വയനാട്. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
നാഷണൽ ഹെൽത്ത് മിഷൻ,
ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജ്മെന്റ് &
സപ്പോർട്ട് യൂണിറ്റ്,
മേയോസ് ബിൽഡിങ്ങ്,
കൽപ്പറ്റ നോർത്ത് - 673 122. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 24/09/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01/10/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 29/10/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 31/10/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/12/2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. എം. ബാലകൃഷ്ണൻ, 29/10/2019 തീയതി സമർപ്പിച്ച പരാതി ഹർജി 31/10/2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 992(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് പണമടച്ചിട്ടും എസ്.പി.ഐ.ഒ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 24/09/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ താഴെ പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1. ഫിസിയോതെറാപ്പിസ്റ്റ് ഇന്റർവ്യൂ വിളിച്ചുകൊണ്ടുള്ള അറിയിപ്പിന്റെ പകർപ്പും
2. 21/09/2019-ൽ നടന്ന ഫിസിയോതെറാപ്പിസ്റ്റിന്റെ ഇന്റർവ്യൂവിൽ എത്ര പേർ പങ്കെടുത്തുവെന്നും
3. ഇന്റർവ്യൂ നടത്തുന്ന കാര്യം ഏതെല്ലാം പത്രങ്ങളിൽ, മറ്റു മാദ്ധ്യമങ്ങളിലൂടെ ഉദ്യോഗാർത്ഥികളെ അറിയിച്ചുവെന്നും
4. പങ്കെടുത്തവരുടെ പേര്, അഡ്രസ്സ്, BPT പാസ്സായ വർഷവും മാർക്കും MPT പാസ്സായ വർഷവും മാർക്കും എത്ര വർഷത്തെ പ്രവർത്തി പരിചയം ഉണ്ടെന്നും
5. ഇന്റർവ്യൂബോർഡ് അംഗങ്ങളുടെ പേര് വിവരവും മാർക്ക് ഇടുന്നതിന്റെ മാനദണ്ഡവും, ഇന്റർവ്യൂവിന്റെ മാർക്ക് ലിസ്റ്റും ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയിന്മേലുള്ള മറുപടി 01/10/2019-ന് ഹർജിക്കാരന് നൽകിയിട്ടുണ്ട്.

4. എതിർകക്ഷി 19/12/2019-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 24/09/2019-ൽ ഫിസിയോതെറാപ്പിസ്റ്റിന്റെ ഇന്റർവ്യൂ സംബന്ധമായ കാര്യങ്ങൾ അറിയുന്നതിനായി വിവരാവകാശ അപേക്ഷ സമർപ്പിക്കുകയും ആയതിന് മറുപടി 01/10/2019-ന് നൽകുകയും ചെയ്തിരുന്നുവെന്നും, പകർപ്പുകൾ ലഭ്യമാക്കുന്നതിന് ആയതിനുള്ള തുക ഒടുക്കേണ്ടതാണെന്നും ടി കത്തിൽ പരാമർശിച്ചിരുന്നുവെന്നും എന്നാൽ അപേക്ഷകന്റെ 18/10/2019 തീയ്യതിയിലെ അപേക്ഷ ടി ഓഫീസിൽ ലഭിച്ചത് 21/10/2019-നാണെന്നും ആയതിനുള്ള മറുപടി 28/10/2019-ന് തന്നെ അയച്ചു കൊടുക്കുകയും ചെയ്തിരുന്നുവെന്നും, മാനന്തവാടിയിൽ പ്രവർത്തിച്ചുക്കൊണ്ടിരുന്ന ആരോഗ്യ കേരളത്തിന്റെ ആഫീസ് 23/10/2019 മുതൽ കൽപ്പറ്റയ്ക്കടുത്ത് കൈനാട്ടിയിലേയ്ക്ക് മാറ്റി പ്രവർത്തനമാരംഭിച്ചുവെന്നും, മാനന്തവാടിയിൽ നിന്നും ടി ഓഫീസ് കെട്ടിടം കൈനാട്ടിയിലേയ്ക്ക് മാറ്റുമ്പോഴുണ്ടായ നടപടിക്രമങ്ങൾ മൂലം യഥാസമയം മറുപടി അയച്ചു കൊടുക്കാൻ കഴിഞ്ഞിരുന്നില്ലെന്നും എന്നിരുന്നാലും വിവരാവകാശ നിയമത്തിന്റെ സമയപരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്നെ അപേക്ഷകന് മറുപടി നൽകിയിരുന്നുവെന്നുമാണ്.

5. 03.02.2023 തീയതി കമ്മീഷൻ വീഡിയോ കോൺഫറൻസിംഗ് വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും, എതിർകക്ഷിയെ കേട്ടതിലും, വിവരാവകാശ നിയമം സെക്ഷൻ 7(3)(a) പ്രകാരമല്ല മറുപടി നൽകിയതെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. ടി വീഴ്ച്ച വരുത്തിയ എസ്.പി.ഐ.ഒ-യെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു. അതോടൊപ്പം മറുപടിയുടെ പകർപ്പ് ഒരിക്കൽ കുടി ഹർജിക്കാരനു അയച്ചു നൽകണമെന്നു എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

7. മേൽ നിർദ്ദേശ പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

AV